**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 418 14-11-2019 ൽ മറുപടിക്ക്**

**വ്യവസ്ഥകൾ ലംഘിച്ച പാട്ടഭൂമി തിരിച്ചെടുക്കൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോ എബ്രഹാം<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമാണവും വകുപ്പ് മന്ത്രി) |
| (എ) വ്യവസ്ഥകൾ ലംഘിച്ച പാട്ടഭൂമി തിരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വ്യവസ്ഥകൾ ലംഘിച്ച പാട്ടഭൂമി കൈവശം വച്ചിരിക്കുന്ന പാട്ട കക്ഷികൾക്ക് നിയമാനുസരണം നോട്ടീസ് നൽകി ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുന്നതിനും പാട്ടവ്യവസ്ഥ ലംഘിക്കുന്ന പക്ഷം പാട്ടകരാർ റദ്ദ് ചെയ്ത് പാട്ടഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നേരിട്ടും രേഖാമൂലവും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പാട്ടം അനുവദിച്ചുനല്കിയ കേസുകൾ സംബന്ധിച്ച ശരിയായതും യൂണിഫോം ആയതുമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടോ; അവ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ; | (ബി) പാട്ടം അനുവദിച്ച നൽകിയ കേസുകൾ സംബന്ധിച്ച ശരിയായതും ഏകീകരണ സ്വഭാവത്തോടെയുള്ളതുമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനായി 03.08.2018 ലെ സ.ഉ (കൈ) 276/2018/റവ നമ്പർ ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം താലൂക്ക്, വില്ലേജ് കാര്യാലയങ്ങളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിന് നിർദ്ദേശമുള്ളതും ആയത് പ്രകാരം രജിസ്റ്ററുകൾ സൂക്ഷിച്ച വരുന്നതുമാണ്. ടി രജിസ്റ്ററുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നുണ്ടോ എന്നും ടി രജിസ്റ്ററുകൾ നാളിതീകരിച്ച് സൂക്ഷിച്ച വരുന്നുണ്ടോ എന്നും വില്ലേജ്/താലൂക്ക് തലത്തിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) വായനശാലകൾ, ആരാധനാ ലയങ്ങൾ, ശ്മശാനം, ക്ലബ്ബുകൾ തുടങ്ങിയവ കാലങ്ങളായി കൈവശം വച്ചിട്ടുള്ള ഭൂമി അതേ ആവശ്യത്തിന് ഉപയോഗിക്കുന്നതിനായി പതിച്ച നല്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) വായനശാലകൾ, ആരാധനാലയങ്ങൾ, ശ്മശാനം ക്ലബ്ബുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനത്തിന് ഏറ്റവും അത്യാവശ്യമായ ഭൂമി മാത്രം നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിനോ അല്ലെങ്കിൽ ടി ഭൂമിയുടെ കമ്പോള വില ഈടാക്കി പതിച്ച നൽകികൊണ്ട് ബാക്കി ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച വരികയാണ്. |
| (ഡി) ഈ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത 'എസ്ചീറ്റ്' ഭൂമി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്ത 'എസ് ചീറ്റ് ' ഭൂമി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ജില്ല/താലൂക്ക് വില്ലേജ് | ബ്ലോക്ക് നം. | സർവ്വെ നം. റീസർവ്വെ നം. | ഏറ്റെടുത്ത ഭൂമിയുടെ അളവ് | ഏറ്റെടുത്ത ഉത്തരവ് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം നെടുമങ്ങാട് അരുവിക്കര | 40 | 344/20 | 10.15 ആർസ് | ജില്ലാ കളക്ടറുടെ 07.10.2017 ലെ ബി11-23227/14 നമ്പർ നടപടിക്രമം |
| 2 | കോട്ടയം മുണ്ടക്കയം | 05 | 438/10 | 1.65 ആർസ് | ജില്ലാ കളക്ടറുടെ 08.12.2017 ലെ നമ്പർ 6667/15 നടപടിക്രമം |
| 3 | കോഴിക്കോട് കോഴിക്കോട് കച്ചേരി | | | 1699.9793 ഹെക്ടർ | ജില്ലാ കളക്ടറുടെ 06.10.2018 ലെ 16624/17 നമ്പർ നടപടിക്രമം |
| 4 | വയനാട് മാനന്തവാടി തൃശ്ശിലേരി | | 348/IB, 348/2B, 454/3, 454/4A2, 335, 334/1, 454/5B, 349 454/5A | 85.6997 ഹെക്ടർ | ജില്ലാ കളക്ടറുടെ 21.10.2018 ലെ ബി3/2017/2545/18 നമ്പർ നടപടിക്രമം |

സെക്ഷൻ ഓഫീസർ